"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കൊല്ലങ്കോട് വല്ലങ്ങി വി ആർ സി എം യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി. ഇന്ദുപ്രിയയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട ഹർജി നം. 15055/2022 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 29/04/2022 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5931/2022/GEDN തീയതി,തിരുവനന്തപുരം, 13-10-2022

പരാമർശം:-

1. പാലക്കാട് കൊല്ലങ്കോട് വല്ലങ്ങി വി ആർ സി എം യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി. ഇന്ദുപ്രിയയും മറ്റുള്ളവരും ചേർന്ന് സർക്കാരിൽ ഫയൽ ചെയ്ത 03/03/2022 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P37).
2. ബഹു. കേരള ഹൈക്കോടതിയുടെ 29/04/2022-ലെ W.P.(C) No. 15055/2022 മേലുള്ള വിധിന്യായം.
3. കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/07/2022 തീയതിയിലെ ബി/1914/2022 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/07/2022 തീയതിയിലെ DGE/6777/2022-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കൊല്ലങ്കോട് വല്ലങ്ങി വി ആർ സി എം യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി. ഇന്ദുപ്രിയയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട ഹർജി നം. 15055/2022-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച Ext. P37 പുന:പരിശോധനാ ഹർജി (പരാമർശം 1) ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെയും സ്കൂൾ മാനേജരുടെയും പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ഓഫീസിൽ നിന്നുള്ള ബന്ധപ്പെട്ട അധികാരികൾ എന്നിവരുടെ വാദങ്ങൾ 20.07.2022-ൽ ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

**2.സ്കൂൾ മാനേജരുടെയും ഹർജിക്കാരുടെയും പ്രതിനിധി ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു;**

**a) ശ്രീമതി. ബി. ഇന്ദുപ്രിയ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ.**

പാലക്കാട് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള വല്ലങ്ങി വി.ആർ.സി.എം. യു.പി. സ്കൂളിൽ ശ്രീമതി. ബി. ഇന്ദുപ്രിയയെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായി 01.06.2017 മുതൽ ശ്രീ.ആർ.രാധാകൃഷ്ണൻ പ്രധാനാദ്ധ്യാപകൻ 31.03.2017-ന് വിരമിച്ച ഒഴിവിൽ നിയമിച്ചു, പ്രസ്തുത നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു;

| ക്രമ നം. | കാരണം | വിശദീകരണം |
|---|---|---|
| 1 | കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ല | 1-03-2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നേടുന്നതിന് അവസരം അനുവദിച്ചിട്ടുണ്ട്. 12.02.2021 ലെ 58/2021/പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം 31.03.2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ.ടെറ്റ് യോഗ്യത നേടേണ്ടതാണെന്നുള്ള നിബന്ധന പ്രകാരം നിയമനം അംഗീകരിക്കാവുന്നതാണ്. |
| 2 | ഒഴിവ് പ്രഥമാധ്യാപകൻ വിരമിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.ടി ഒഴിവിലെ LPST നിയമനം ക്രമപ്രകാരമല്ല. | പ്രധാനാദ്ധ്യാപകന്റെ ഒഴിവിൽ യു.പി.എസ്.ടി. ആണ് നിയമിക്കേണ്ടത്. എന്നിരുന്നാലും യു.പി.എസ്.ടി. തസ്തികയിലെ ജോലിയിലുള്ള അദ്ധ്യാപകരുടെ എണ്ണം തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ചതിനേക്കാൾ കുടുതലായ തിനാലാണ് എൽ.പി.എസ്.ടി. ഒഴിവിൽ ശ്രീമതി. ബി. ഇന്ദുപ്രിയയെ നിയമിച്ചത്. ഉദ്യോഗാർത്ഥിക്ക് ടി.ടി.സി. യോഗ്യതയുള്ളതിനാൽ എൽ.പി.എസ്.ടി. തസ്തികയിലോ, യു.പി.എസ്.ടി. തസ്തികയിലോ നിയമിച്ച നിയമനം അംഗീകരിക്കപ്പെടാവുന്നതേയുള്ളു. 06.12.2021-ലെ സ.ഉ. 275/2021 പ്രകാരം തസ്തികകൾ ക്രമീകരിച്ച് നിയമനം അംഗീകരിച്ച് ലഭിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. |
| 3 | GO(P) No.19/2021/GEdn dtd 8.11.2021 പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളുടെ സംവരണം പാലിച്ചു കാണുന്നില്ല | 08.11.2021-ലെ ഭിന്നശേഷിക്കാരെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനം നൽകണമെന്ന ഉത്തരവ് 08.11.2021 ന് ശേഷം നടപ്പിലാക്കിയാൽ മതിയെന്ന സാവകാശം സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിനു പുറമെ രണ്ട് ഭിന്നശേഷിക്കാരായ അദ്ധ്യാപകർക്ക് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനം നൽകി സേവനത്തിൽ അംഗീകാരത്തോടെ തുടരുന്നുണ്ട്. |

**b) ശ്രീമതി. എൻ.പി. റുബീന, എൽ.പി.എസ്.ടി.**

ശ്രീമതി. എൻ.പി. റുബീനയെ 15.07.2021 മുതൽ ശ്രീമതി. എ.വത്സലകുമാരി

എൽ.പി.എസ്.ടി. 31.05.2020 ന് വിരമിച്ച ഒഴിവിൽ എൽ.പി.എസ്.ടി. തസ്തികയിൽ തന്നെ നിയമനം നൽകി നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത് നിരസിച്ചു. ആയതിനെതിരെ അധ്യായം 14എ യിലെ ചട്ടം 8(5) പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചതിൽ തീരുമാനം ആയിട്ടുമില്ല. ആയതിനാലാണ് ചട്ടം 92 പ്രകാരം റിവിഷൻ അപ്പീൽ സർക്കാരിലേക്ക് സമർപ്പിച്ചതും തീരുമാനത്തിനായി കോടതിയെ സമീപിച്ചതും.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | GO(P)No.19/2021/GEdn dtd 8.11.2021 പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളുടെ സംവരണം നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിയമിതരായ സിനിയർ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാതെ നിൽക്കുന്നു. | 08.11.2021-ലെ ഭിന്നശേഷിക്കാരെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനം നൽകണമെന്ന ഉത്തരവ് 08.11.2021 ന് ശേഷം നടപ്പിലാക്കിയാൽ മതിയെന്ന സാവകാശം സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിനു പുറമെ രണ്ട് ഭിന്നശേഷിക്കാരായ അദ്ധ്യാപകർക്ക് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനം നൽകി സേവനത്തിൽ അംഗീകാരത്തോടെ തുടരുന്നുണ്ട്.<br>മുൻ വർഷങ്ങളിൽ നിയമിതരായ സിനിയർ അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് മറ്റു തടസ്സവാദങ്ങളൊന്നും ഇല്ലാത്തതിനാൽ ശ്രീമതി. എൻ.പി. റുബീനയെ 15.07.2021 പ്രാബല്യത്തിൽ എൽ.പി.എസ്.ടി. ആയി 31.05.2020 ന് വിരമിച്ച എൽ.പി.എസ്.ടി. അദ്ധ്യാപികയുടെ ഒഴിവിലെ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു. |

c). **ശ്രീമതി. എൻ.മായാദേവി, എൽ.പി.എസ്.ടി.**

ശ്രീമതി.എൻ.മായാദേവിയെ 31.03.2019- ന് ശ്രീമതി. എ. ജയലക്ഷ്മി. എൽ.പി.എസ്.ടി.യുടെ വിരമിക്കൽ ഒഴിവിൽ 06.06.2019 പ്രാബല്യത്തിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത്. നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | സ്റ്റാഫ് ലിസ്റ്റിൽ സീനിയറായ ശ്രീമതി ഇന്ദുപ്രിയ, ശ്രീമതി അഞ്ജിത എന്നിവരുടെ നിയമനം മുൻഗണന ക്രമത്തിൽ | സീനിയറായി നിയമിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്ന മുറയ്ക്ക് 31.03.2019 ന് വിരമിച്ച എൽ.പി.എസ്.ടി. അദ്ധ്യാപികയുടെ ഒഴിവിൽ നിയമിതയായ അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കുന്നതിന് മറ്റു തടസ്സവാദങ്ങളൊന്നും തന്നെ ഇല്ലാത്തിതനാൽ ശ്രീമതി. |

| | | |
|---|---|---|
| | പരിഗണിക്കേണ്ടതാണ്. മാനേജർ സാക്ഷ്യ പത്രം സമർപ്പിച്ചിട്ടില്ല | എൻ. മായാദേവിയുടെ 06.06.2019 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു |

d) **ശ്രീമതി. വി. ഷോജ, യു.പി.എസ്.ടി.**

ശ്രീമതി.വി. ഷോജയെ 15.07.2021 പ്രാബല്യത്തിൽ, 14.05.2021-ന് പ്രധാനാദ്ധ്യാപികയായി പ്രൊമോഷൻ നൽകി നിയമിതയായ ശ്രീമതി.എം.പി.രശ്മി യു.പി.എസ്.ടി.-യുടെ ഒഴിവിൽ നിയമിച്ച് നിയമനാംഗികാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാദ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത്. നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | 6.6.2019-ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റിൽ 17 UPST കാണുന്നു. ഇതിൽ 3 UPST അധികമാണ്. | കേരള വിദ്യാഭ്യാസ ഉത്തരവുകൾ പ്രകാരം യുപി.എസ്.ടി. തസ്തികയിലെ ഒഴിവ് യു.പി.എസ്.ടി. അദ്ധ്യാപികയെ നിയമിക്കുന്നതിനു മാത്രമേ ചട്ടം അനുവദിക്കുന്നുള്ളൂ. 08.06.2006 നു മുൻപ് എൽ.പി.എസ്.ടി. തസ്തികയിൽ നിയമിതരായ ടി.ടി.സി. യോഗ്യതയുള്ള അദ്ധ്യാപകർ സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിച്ചിട്ടുള്ള തടസ്സവാദം സർക്കാർ തലത്തിൽ പരിശോധിച്ച് ഉത്തരവാകേണ്ടതാണ്. എന്നിരുന്നാലും നിയമിതയായ ശ്രീമതി.വി.ഷോജയ്ക്ക് ടി.ടി.സി. യോഗ്യതയുള്ളതിനാൽ പ്രസ്തുത അദ്ധ്യാപികയെ എൽ.പി.എസ്.ടി. തസ്തികയിലേയ്ക്കുമുള്ള നിയമനം അംഗീകരിക്കാവുന്നതേയുള്ളൂ. വിദ്യാഭ്യാസ സ്ഥാപനത്തിലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം എൽ.പി.എസ്.ടി. തസ്തികയിലും ഒഴിവ് നില നിൽക്കുന്നുണ്ട്. മൊത്തം 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 14യു.പി.എസ്.ടി. തസ്തികയും, 17 എൽ.പി.എസ്.ടി. തസ്തികയുമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത അദ്ധ്യാപികയെ എൽ.പി.എസ്.ടി. തസ്തികയിൽ പരിഗണിച്ച് 15.07.2021 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിക്കപ്പെടാവുന്നതേയുള്ളൂ. |
| 2 | സീനിയർ നിയമനാർത്ഥി ശ്രീമതി. നിഷ എസ്.ന്റെ നിയമനം അംഗീകരിച്ചിട്ടില്ല | സീനിയർ നിയമനാർത്ഥി ശ്രീമതി. നിഷ.എസ്. എന്നിവരുടെ യു.പി.എസ്.ടി. നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി. വി.ഷോജയുടെ നിയമനവും അംഗീകരിക്കാവുന്നതേയുള്ളൂ. |
| 3 | നിയമനാർത്ഥിക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥാപിതമായ ഒഴിവ് | പ്രൊമോഷൻ തസ്തികയിൽ ഒഴിവ് നിലവിലുള്ളപ്പോൾ നിയമനാർത്ഥിക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥാപിതമായ ഒഴിവ് ഇല്ലെന്നുള്ള കണ്ടെത്തൽ നില നിൽക്കുന്നതല്ലെന്നും പ്രസ്തുത തടസ്സ വാദം |

| | | |
|---|---|---|
| | ലഭ്യമല്ല | ഒഴിവാക്കപ്പെടേണ്ടതാണെന്ന് അപേക്ഷിക്കുന്നു. |
| 4 | ഇതേ സ്കൂളിലെ 25.1.2019-ന് മരണമടഞ്ഞ ജ്യോതിമണി ടീച്ചറുടെ 51 B അവകാശം ഇതുവരെയും തീർപ്പാക്കിയിട്ടില്ല | 25.01.2019 ന് മരണമടഞ്ഞ ശ്രീമതി. ജ്യോതി മണി ടീച്ചറുടെ അവകാശികളുടെ Legal Heirship Certificate, മേപ്പടി അദ്ധ്യാപികയുടെ മരണ സർട്ടിഫിക്കറ്റ് Legal Heirship Certificate ൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിപ്പുള്ള അവകാശിയുടെ സത്യവാങ്മൂലവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് പ്രസ്തുത അവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ടിയാരിയുടെ ഭർത്താവിന് 60 വയസ്സ് അധികരിച്ചതിനാൽ 51 ബി യുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. മറ്റൊരവകാശി പരേതയുടെ മാതാവ് ജീവിച്ചിരുപ്പുമില്ല. ആയതിനാൽ പ്രസ്തുത തടസ്സവാദവും നിലനിൽക്കുന്നതല്ല. മേപ്പടി കാരണങ്ങളാൽ 15.07.2021 പ്രബല്യത്തിൽ സ്ഥാനക്കയറ്റ ഒഴിവിൽ നിയമിതയായ അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കുന്നതിന് മറ്റ തടസ്സവാദങ്ങളൊന്നും തന്നെ ഇല്ലാത്തതിനാൽ ശ്രീമതി.വി.ഷോജയുടെ യു.പി.എസ്.ടി. ആയുള്ള നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു. |

e) **ശ്രീമതി. എ. കൃപ, തമിഴ് പാർട്ട് ടൈം**

പ്രസ്തുത അദ്ധ്യാപികയെ തമിഴ് പാർട്ട് ടൈം അദ്ധ്യാപികയായി, വി. ജ്യോതിമണി, ലാംഗ്വേജ് ടീച്ചർ, തമിഴ് (FT) 25.01.2019 ന് അന്തരിച്ച ഒഴിവിൽ 28.01.2019 മുതൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത്. പ്രസ്തുത നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ആയതിനെതിരെ അധ്യായം 14 എ ചട്ടം 8(5) പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചതിൽ തീരുമാനം ആയിട്ടുമില്ല. ആയതിനാലാണ് ചട്ടം 92 പ്രകാരം റിവിഷൻ അപ്പീൽ സർക്കാരിലേക്ക് സമർപ്പിച്ചതും തീരുമാനത്തിനായി കോടതിയെ സമീപിച്ചതും.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | SSLC സർട്ടിഫിക്കറ്റിന്റെ പരിശുദ്ധി പത്രം സമർപ്പിച്ചിട്ടില്ല | തമിഴ് നാട് സർക്കാരിന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന് തടസ്സവാദത്തിൽ ഉന്നയിച്ചിട്ടുള്ള തരത്തിലുള്ള സർട്ടിഫിക്കറ്റിന്റെ ആവശ്യകത കെ.ഇ.ആർ. ൽ എവിടെയും സൂചിപ്പിച്ചു കാണുന്നില്ല ആയതിനാൽ പ്രസ്തുത തടസ്സം ഒഴിവാക്കപ്പെടേണ്ടതാണ്. |
| | | 31.03.2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നേടുന്നതിന് അവസരം |

| | | |
|---|---|---|
| 2 | കെ-ടെറ്റ് യോഗ്യത സമർപ്പിച്ചിട്ടില്ല | അനുവദിച്ചിട്ടുണ്ട്. 12.12.2021-ലെ 58/2021/പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം 31.03.2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ.ടെറ്റ് യോഗ്യത നേടേണ്ടതാണെന്നുള്ള നിബന്ധന പ്രകാരം നിയമനം അംഗീകരിക്കാവുന്നതാണ്. |
| 3 | ടിയാളുടെ നിയമനം മുൻപ് നിരസിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല | തടസ്സവാദത്തിൽ ഉന്നയിച്ച പ്രകാരം നിയമനാംഗീകാരം തിരസ്കരിച്ച ഉത്തരവ് മാനേജർക്ക് ലഭിച്ചിട്ടില്ല. |
| 4 | മരണമടഞ്ഞ അധ്യാപികയുടെ Death Certificate സമർപ്പിച്ചിട്ടില്ല | 25.01.2019 ന് മരണമടഞ്ഞ ശ്രീമതി. ജ്യോതിമണി ടീച്ചറുടെ അവകാശികളുടെ Legal Heirship Certificate, മേപ്പടി അദ്ധ്യാപികയുടെ മരണ സർ ട്ടിഫിക്കറ്റ് Legal Heirship Certificate ൽ ഉൾപ്പെട്ടുത്തി ജീവിച്ചിരിപ്പുള്ള അവകാശിയുടെ സമ്യവാങ്മൂലവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| 5 | ഇതേ സ്കൂളിലെ 25.1.2019-ന് മരണമടഞ്ഞ ജ്യോതിമണി ടീച്ചറുടെ 51 B അവകാശം ഇതുവരെയും തീർപ്പാക്കിയിട്ടില്ല | പ്രസ്തുത അവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ടിയാരിയുടെ ഭർത്താവിന് 6 0 വയസ്സ് അധികരിച്ചതിനാൽ 5 1 ബിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. മറ്റൊരവകാശി പരേതയുടെ മാതാവ് ജീവിച്ചിരിപ്പുമില്ല.<br>മേൽ പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീമതി. എ. കൃപയുടെ നിയമനം 28.01.2019 മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും അപേക്ഷിക്കുന്നു. |

**f) ശ്രീമതി. പി.എ. അഞ്ജിത, എൽ.പി.എസ്.ടി**

ശ്രീമതി. പി.എ. അഞ്ജിതയെ 01.06.2018 മുതൽ ജി.ഒ.(പി)29/2016/G.Edn തീയതി 29.01.2016 പ്രകാരം അനുവദിച്ച എൽ.പി.എസ്.ടി. തസ്തികയിൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത്. പ്രസ്തുത നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| | അധിക തസ്തികയിൽ നിയമനം 1:1 എന്ന | ഈ വിദ്യാഭ്യാസ സ്ഥാപനം 22.05.1979 ന് മുൻപ് |

| | | |
|---|---|---|
| 1 | അനുപാതത്തിൽ സംരക്ഷിത ജീവനക്കാരൻ, മാനേജർ നിയമിച്ചയാൾ എന്ന അനുപാതത്തിൽ നികത്തേണ്ടതും, ആദ്യ ഒഴിവിൽ സംരക്ഷിത ജീവനക്കാരനെയുമാണ് നിയമിക്കേണ്ടത്. ആയതിനു വിരുദ്ധമായി നടത്തിയ നിയമനമായതിനാൽ നിരസിക്കുന്നു. | സ്ഥാപിതമായതിനാൽ പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നില്ല. മാത്രവുമല്ല മാനേജർ നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലവും നിയമനം അംഗീകരിച്ച് ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ കാരണത്താൽ ശ്രീമതി പി.എ. അഞ്ജിതയെ 01.06.2018 മുതൽ അധിക തസ്തികയിൽ നിയമിച്ച നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു. |

g) **ശ്രീമതി. എസ്സ് നിഷ, യു പി എസ്സ് റ്റി**

ശ്രീമതി. എസ്.നിഷയെ 06.06.2019 മുതൽ ശ്രീമതി. പി.എൻ.ശാന്തി, യു.പി.എസ്.ടി. 31.05.2019 ന് വിരമിച്ച ഒഴിവിൽ യു.പി.എസ്.ടി. തസ്തികയിൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചത്. പ്രസ്തുത നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ ആകെ 14 UPST തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 6.6.2019 -ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റിൽ 17 -)മത്തെ ആളാണ് ശ്രീമതി നിഷ | കേരള വിദ്യാഭ്യാസ ഉത്തരവുകൾ പ്രകാരം യു.പി.എസ്.ടി. തസ്തികയിലെ ഒഴിവ് യു.പി.എസ്.ടി. അദ്ധ്യാപികയെ നിയമിക്കുന്നതിനു മാത്രമേ ചട്ടംഅനുവദിക്കുന്നുള്ളൂ. 08.06.2006 നു മുമ്പ് എൽ.പി.എസ്.ടി. തസ്തികയിൽ നിയമിതരായ ടി.ടി.സി. യോഗ്യതയുള്ള അദ്ധ്യാപകർ സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിച്ചിട്ടുള്ള തടസ്സവാദം സർക്കാർ തലത്തിൽ പരിശോധിച്ച് ഉത്തരവാകേണ്ടതാണ്. 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 14 യു.പി.എസ്.ടി. തസ്തികയും 1 7 എൽ.പി.എസ്.ടി. തസ്തികയുമാണ് അനുവദിച്ചിട്ടുള്ളത്. യു.പി.എസ്.ടി. തസ്തികയിലെ ഒഴിവിൽ യു.പി.എസ്.ടി. തസ്തികയിൽ മാത്രമേ നീയമനം നടത്തുവാർ ചട്ടം അനുവദിക്കുന്നുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കപ്പെടേണ്ടതാണ്. |
| | 6.6.2019 മുതൽ UPST ആയി നിയമിച്ചു കൊണ്ട് 8 .4 .2021 - | സമന്വയത്തിൽ പരിശോധിച്ചാൽ തടസ്സവാദം |

| | | |
|---|---|---|
| 2 | ൽ മാത്രമാണ് ഓൺലൈനായി പ്രൊപോസൽ സമന്വയ വഴി സമർപ്പിച്ചത് | സമന്വയയിൽ പരിശോധിച്ചാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ബോധ്യമാകുന്നതാണ്. |
| 3 | ശ്രീമതി നിഷയുടെ നിയമനം വ്യവസ്ഥാപിത ഒഴിവിൽ അല്ല | 31.05.2019 ന് വിരമിച്ച ശ്രീമതി വി.എൻ.ശാന്തി 2018-19ലെ തസ്തിക നിർണ്ണയത്തിലെ ഉത്തരവ് പ്രകാരം നിലനിന്നിരുന്ന യു.പി.എസ്.ടി. അദ്ധ്യാപികയാണെന്നും ആയതിനാൽ 2019-20 ലെ തസ്തിക നിർണയ ഉത്തരവിൽ പോസ്റ്റർ റിഡക്ഷൻ ഇല്ലാത്തതിനാൽ യു.പി.എസ്.ടി. തസ്തികയിലാണ് ഒഴിവുണ്ടായിട്ടുള്ളത്. ആയതിനാലാണ് യു.പി.എസ്.ടി. തസ്തികയിൽ നിയമിച്ചതും ആയതിനാൽ പ്രസ്തുത തടസ്സവാദം ഒഴിവാക്കപ്പെടാവുന്നതാണ്. |
| 4 | ടിയാളുടെ നിയമനം മുൻപ് നിരസിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല | മുൻപ് നിരസിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട് |
| 5 | SSLC സർട്ടിഫിക്കറ്റിന്റെ പരിശുദ്ധി പത്രം സമർപ്പിച്ചിട്ടില്ല | CBSE, SSLC സർ ട്ടിഫിക്കറ്റിന് Genuineness സർട്ടിഫിക്കറ്റ് കേരള വിദ്യാഭ്യാസ നിയമത്തിൽ ആവശ്യമാണെന്ന് നിർദ്ദേശിച്ച് കാണുന്നില്ല. |
| 6 | Category SC/ST/OBC/ GEN എന്നിവ SSLC സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | SC/ST/OBC/GEN എന്നിവ CBSE, SSLC സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താറില്ല.മാത്രവുമല്ല പ്രസ്തുത ആനുകൂല്യം നിയമനാർത്ഥിക്ക് ആവശ്യകതയുമില്ല. |
| 7 | ഇതേ സ്കൂളിലെ 25.1.2019-ന് മരണമടഞ്ഞ ജ്യോതിമണി ടീച്ചറുടെ 51 B അവകാശം ഇതുവരെയും തീർപ്പാക്കിയിട്ടില്ല | 25.01.2019 ന് മരണമടഞ്ഞ ശ്രീമതി ജ്യോതിമണി ടീച്ചറുടെ അവകാശികളുടെ Legal Heirship Certificate, മേപ്പടി അദ്ധ്യാപികയുടെ മരണ സർട്ടിഫിക്കറ്റ് Legal Heirship Certificate ൽ ഉൾപ്പെടുത്തി ജീവിച്ചിരിപ്പുള്ള അവകാശിയുടെ സത്യവാങ്മൂലവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ടിയാരിയുടെ ഭർത്താവിന് 60 വയസ്സ് അധികരിച്ചതിനാൽ 51 ബിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. മറ്റൊരവകാശി പരേതയുടെ മാതാവ് ജീവിച്ചിരിപ്പുമില്ല.<br>ഇത്യാദി കാരണങ്ങളാൽ 06.06.2019 മുതൽ ശ്രീമതി.പി.എൻ.ശാന്തി, യു.പി.എസ്.ടി. 31.05.2019 ന് വിരമിച്ച ഒഴിവിൽ യു.പി.എസ്.ടി. തസ്തികയിൽ നിയമിച്ച ശ്രീമതി.എസ്.നിഷയുടെ നിയമനം നിയമനതീയതി മുതൽ നിയമിച്ച നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും |

| | | വിനീതമായി അപേക്ഷിക്കുന്നു. |
|---|---|---|

h) **ശ്രീമതി. കെ. വി. രേവതി. യു പി എസ്സ് റ്റി.**

ശ്രീമതി.കെ.വി.രേവതിയെ 15.07.2021 മുതൽ ഹെഡ് ടീച്ചർ തസ്തികയിൽ ക്ലാസ്സ് ചാർജ് ഒഴിവിൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| | ഹെഡ് ടീച്ചർ തസ്തികയിൽ ഒഴിവ് സംരക്ഷിത അധ്യാപക ബാങ്കിൽ നിന്നും നികത്തേണ്ടതാണ് . മാനേജരുടെ നടപടി നിയമാനുസൃതമല്ല | 2015-16 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് സ.ഉ.29/2016/പൊ.വി.വ. തീയതി 29.01.2016 പ്രകാരം തസ്തിക നിർണ്ണയ ഉത്തരവിൽ തന്നെ പ്രധാനാദ്ധ്യാപികയെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കിയ തസ്തിക അനുവദിച്ചതും പ്രസ്തുത നടപടി ബഹു. വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അറിയിച്ചിട്ടുമുണ്ട്. എന്നാൽ ആയതിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടുമില്ല. ബഹു. സുപ്രീം കോടതി ഉത്തരവ് Nadeera V/s State of Kerala ഉത്തരവിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവ് മാനേജർക്ക് നിയമിക്കാം എന്നാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്.<br>"I find nothing therein which prevents approval of appointment or which postpones the approval till a protected hand is appointed by the Manager. The-said Government Order restate the obligation of the Manager to appoint a protected hand. But the time factor is not mentioned therein. In many cases, availability of protected hands may be delayed and non-availability of protected hands in certain posts may be there. Therefore, to compel a manager to postpone the appointment of a qualified teacher even after the post is sanctioned by the staff fixation order will go against the |

| | | |
|---|---|---|
| | | scheme of the Act and Rules itself. When the staff fixation order permits appointment of required number of staff, the Manager will have to make the appointment in existing vacancies and exercise of the power of the Manager in such cases cannot be said to be against the scheme of the Act". ആയതിനു പുറമെ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 27(1) പ്രകാരം കെ.ഇ.ആർ. പരിഷ്കരണ പ്രകാരം മാനേജരുടെ നടപടി ശരിയായതിനാലും സമാന രീതിയിൽ ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കിയ ഒഴിവിലെ നിയമനം സർക്കാർ തലത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്. ആയതിനാൽ ശ്രീമതി. കെ.വി. രേവതിയെ പ്രധാനാദ്ധ്യാപികയെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കിയ (HTV) ഒഴിവിൽ 15.07.2021 പ്രബല്യത്തിൽ യു.പി.എസ്.ടി. ആയി നിയമിച്ച നിയമനം മറ്റു തടസ്സവാദങ്ങളൊന്നും ഇല്ലാത്തതിനാൽ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു. |

i) ശ്രീ. ശ്രീവിഷ്ണു. എം, കായികാദ്ധ്യാപകൻ

ശ്രീ.എം. ശ്രീവിഷ്ണുവിനെ 15.07.2021 മുതൽ ശ്രീ.സി.ഹരിദാസ് (PET) 31.03.2021 ന് വിരമിച്ച ഒഴിവിൽ (PET) (Physical Education Teacher) തസ്തികയിൽ നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിലും സമന്വയ വഴിയും സമർപ്പിരുന്നു. പ്രസ്തുത നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

| ക്രമ നം | കാരണം | വിശദീകരണം |
|---|---|---|
| 1 | Degree സർട്ടിഫിക്കറ്റിന്റെ പരിശുദ്ധി പത്രം സമർപ്പിച്ചിട്ടില്ല | (PET) Specialist തസ്തികയിൽ നിയമിച്ച ശ്രീ എം. ശ്രീവിഷ്ണുവിന്റെ നിയമനം നിയമന തീയതി മുതൽ അംഗീകരിക്കപ്പെടാവുന്നതേയുള്ളൂ. നിയമനാംഗീകാര സമയത്ത് പരിഹരിക്കപ്പെടാവുന്നതേയുള്ളൂ. |
| 2 | നിയമന തസ്തിക സൂപ്പർന്യൂമററി ആണ് | കെ.ഇ.ആർ. നിബന്ധന പ്രകാരമുള്ള വിദ്യാർത്ഥികളുടെ അംഗസംഖ്യ പ്രകാരം നിയമനം അംഗീകരിക്കപ്പെടാവുന്നതേയുള്ളൂ. |

| | | |
|---|---|---|
| 3 | സ്വഭാവ സർട്ടിഫിക്കറ്റ് കേരള ഗവ: ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല | നിയമനാംഗീകാര സമയത്ത് പരിഹരിക്കപ്പെടാവുന്നതേയുള്ളൂ. |
| 4 | ശ്രീ.സി.ഹരിദാസ് ജോലി ചെയ്തിരുന്ന തസ്തിക സൂപ്പർന്യൂമററി ആയിരുന്നു. ടിയാളുടെ വിരമിക്കലിനെ തുടർന്ന് തസ്തിക ഇല്ലാതാകുന്നതാണ്. വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാൽ നിയമനം സാധ്യമല്ല. ആയതിനാൽ KER Chapter 14 എ ചട്ടം 8 (3) പ്രകാരം നിരസിക്കുന്നു. | കെ.ഇ.ആർ. നിബന്ധന പ്രകാരമുള്ള വിദ്യാർത്ഥികളുടെ അംഗസംഖ്യ പ്രകാരം നിയമനം അംഗീകരിക്കപ്പെടാവുന്നതേയുള്ളൂ. |

2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിലും പിന്നീടുള്ള വർഷങ്ങളിലെ 6-ാം പ്രവർത്തി ദിവസത്തെ 5,6,7 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അംഗസംഖ്യപ്രകാരം കെ.ഇ.ആർ. ചട്ട പ്രകാരം 500 ൽ അധികം വിദ്യാർത്ഥികൾ റോളിൽ ഉണ്ട്. ആയതിനാൽ ശ്രീ.സി.ഹരിദാസ് (PET) 31.03.2021 ന് വിരമിച്ച ഒഴിവിൽ (PET) Specialist അദ്ധ്യാപകന്റെ സേവനം അത്യന്താപേക്ഷിതമാണ്. സർക്കാരിന്റെ പുതിയ പോളിസി പ്രകാരം കായിക അദ്ധ്യാപനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. സ.ഉ. 29/2016/പൊ.വി.വ. തീയതി 29.01.2016 എന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് Specialist അദ്ധ്യാപക നിയമനം കെ.ഇ.ആർ. ചട്ട പ്രകാരം അംഗീകരിക്കപ്പെടേണ്ടതാണെന്നാണ്. ആയതിനാൽ ഈ വിദ്യാഭ്യാസ സ്ഥാപനത്തിലെ മതിയായ കുട്ടികളുടെ അംഗസംഖ്യ പ്രകാരം 2019-20 ലെ അനുവദിച്ചിരുന്ന (PET) തസ്തിക 2020-21, 2021-22, 2022-23 എന്നീ അദ്ധ്യയന വർഷങ്ങളിലെ വിദ്യാർത്ഥികളുടെ അംഗസംഖ്യ പ്രകാരം അനുവദിച്ച് ഉത്തരവാകേണ്ടതാണ്.

മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ 15.07.2021 മുതൽ നിയമിതനായ ശ്രീ.എം.ശ്രീവിഷ്ണുവിനെ 31.03.2021 ലെ വിരമിക്കൽ ഒഴിവിൽ നിയമിച്ച നിയമനം നിയമനതീയതി മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസരണമുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ 2 യു.പി.എസ്.ടി. തസ്തികകളിലെയും 2 പ്രധാനാദ്ധ്യാപക തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകിയ 2 യു.പി.എസ്.ടി. ഒഴിവിലും ഒരു അധിക തസ്തിക എൽ.പി.എസ്.ടി.യിലും 1 എൽ.പി.എസ്.ടി. തസ്തിക വിരമിക്കൽ ഒഴിവിലും 1 ലാംഗ്വേജ് തമിഴ് പാർട്ട് ടൈം ഒഴിവിലേയ്ക്കും 1 (HTV) ഒഴിവിലും 1 Specialist അദ്ധ്യാപക നിയമനത്തിലെയും നിയമനാംഗീകാരങ്ങൾ ചട്ടപ്രകാരം നിയമനാംഗീകാര ഉത്തരവ് നൽകി തദനുസരണമുള്ള നിർദ്ദേശം കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

**3. ടി വിഷയത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ അഭിപ്രായം ചുവടെ ചേർക്കുന്നു;**

**a) ശ്രീമതി. ബി. ഇന്ദുപ്രിയ, എൽ.പി.എസ്.ടി.**

വല്ലങ്ങി വി.ആർ.സി.എം.യു.പി. സ്കൂളിലെ പ്രധാനാധ്യാപകൻ ആയിരുന്ന ശ്രീ. ആർ. രാധാകൃഷ്ണൻ 31.05.2017-ന് വിരമിച്ച ഒഴിവിൽ ശ്രീമതി.ഇന്ദുപ്രിയ.ബി. യെ 01.06.2017 മുതൽ മാനേജർ എൽ.പി.എസ്.ടി. ആയി നിയമനം നടത്തി. പ്രൊപ്പോസൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിയമനം 17.02.2022-ന് ബി/9881/2021 ഫയൽ നമ്പർ പ്രകാരം സമന്വയ മുഖേന നിരസിച്ചു.

1) ഉദ്യോഗാർത്ഥി കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

2) ഒഴിവ് പ്രധാനാധ്യാപകൻ വിരമിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രഥമാധ്യാപകൻ വിരമിച്ച ഒഴിവിൽ എൽ.പി.എസ്.ടി.യെ നിയമിച്ചത് ക്രമപ്രകാരമല്ല.

3) ജി.ഒ.(പി) നമ്പർ. 19//2021/ജി.ഇ.ഡി.എൻ തീയതി 08.11.2021 പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

4) മുൻ വർഷങ്ങളിൽ നിയമിച്ച് യോഗ്യതയുള്ള സീനിയർ അദ്ധ്യപകർക്ക് നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്നു.

5) മുൻ വർഷങ്ങളിൽ അനുവദിച്ച തസ്തികയേക്കാൾ കൂടുതൽ നിയമനാംഗീകാരം ലഭിച്ച യു.പി.എസ്.ടി. അധ്യാപകർ ജോലി നോക്കുന്നു. ഇവരെ മാനേജർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

പ്രസ്തുത നിരസന ഉത്തരവിനെതിരെ മാനേജർ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും ഇതേ കാരണത്താൽ അപ്പീൽ നിരസിക്കുകയാണുണ്ടായത്.

**b) ശ്രീമതി. റുബീന.എൻ.പി. , എൽ.പി.എസ്.ടി.**

എൽ.പി.എസ്.ടി. ശ്രീമതി. എ. വത്സലകുമാരി 31.05.2020-ന് വിരമിച്ച ഒഴിവിൽ ശ്രീമതി. റുബീന എൻ.പി.യെ എൽ.പി.എസ്.ടി. ആയി 15.07.2021 മുതൽ മാനേജർ നിയമനം നടത്തുകയും നിയമന പ്രൊപ്പോസൽ സമന്വയയിൽ സമർപ്പിക്കുകയും ചെയ്തു. താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിരസിച്ചു നൽകി.

1) ജി.ഒ.(പി) നമ്പർ 19/2021/ജി.ഇ.ഡി.എൻ തീയതി 08.11.2021 പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ച് കാണുന്നില്ല.

2) മുൻ വർഷങ്ങളിൽ നിയമിച്ച് യോഗ്യതയുള്ള സീനിയർ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്നു.

3) മുൻ വർഷങ്ങളിൽ അനുവദിച്ച തസ്തികയേക്കാൾ കൂടുതൽ നിയമനാംഗീകാരം ലഭിച്ച യു.പി.എസ്.ടി. അധ്യാപകർ ജോലി നോക്കുന്നു. ഇവരെ മാനേജർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

**c) ശ്രീമതി. എൻ.മായാദേവി, എൽ.പി.എസ്.ടി.**

എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി എ. ജയലക്ഷ്മി 31.03.2019-ന് വിരമിച്ച ഒഴിവിൽ 06.06.2019 മുതൽ എൽ.പി.എസ്.ടി. ആയി ശ്രീമതി. എൻ. മായാദേവിയെ നിയമിക്കുകയും നിയമന പ്രൊപ്പോസൽ സമന്വയ മുഖാന്തിരം സമർപ്പിക്കുകയും ചെയ്തു. താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിരസിച്ച് നൽകി.

1) നിയമനാർത്ഥികളായ ശ്രീമതി. ഇന്ദുപ്രിയ, ശ്രീമതി. അഞ്ജിത എന്നിവർ സ്റ്റാഫ് ലിസ്റ്റ് റോളിൽ സീനിയറായി കാണുന്നു. ഇവരുടെ നിയമനം മുൻഗണനാ ക്രമത്തിൽ പരിഗണിക്കേണ്ടതാണ്. ആയതിനാൽ റോളിൽ ജൂനിയറായ ശ്രീമതി എൻ. മായാദേവിയുടെ നിയമനം 07.03.2021-ന് ബി/9947/2021 ഫയൽ നമ്പർ പ്രകാരം നിരസിച്ച് നൽകി.

**d) ശ്രീമതി. വി. ഷോജ, യു.പി.എസ്.ടി.**

യു.പി.എസ്.ടി. ആയ ശ്രീമതി. എം.പി. രശ്മിക്ക് 14.05.2021 മുതൽ പ്രധാനാധ്യാപിക ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. ഷോജ. വി.യെ യു.പി.എസ്.ടി. ആയി 15.07.2021 മുതൽ മാനേജർ നിയമിക്കുകയും താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ 18.09.2021-ന് ബി/14043/2021 പ്രകാരം നിരസിച്ച് നൽകുകയും ചെയ്തു.

1) 06.06.2019-ലെ സ്റ്റാഫ് സ്റ്റേററ്മെന്റിൽ 17 യു.പി.എസ്.ടി. യെ കാണുന്നു. ഇതിൽ 3 യു.പി.എസ്.ടി. അധികമാണ്.

2) സീനിയർ നിയമനാർത്ഥി ശ്രീമതി. നിഷ. എസ്.ന്റെ യു.പി.എസ്.ടി. നിയമനം അംഗീകരിച്ച് നൽകിയിട്ടില്ല.

3) നിയമനാർത്ഥിക്ക് നിയമനം നൽകുന്നതിന് വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമല്ല, (ശ്രീമതി രശ്മിയുടെ പ്രൊമോഷൻ നിയമനം അംഗീകരിച്ചിട്ടില്ല).

4) ഇതേ സ്കൂളിൽ 25.01.2019-ന് മരണമടഞ്ഞ ജ്യോതിമണിയുടെ 51 ബി അവകാശം ഇതുവരെയും തീർപ്പാക്കിയതായി കാണുന്നില്ല.

**e) ശ്രീമതി. കൃപ.എ, തമിഴ് പാർട്ട് ടൈം ടീച്ചർ**

എൽ.ജി. തമിഴ് പാർട്ട് ടൈം അധ്യാപികയായ ശ്രീമതി. ജ്യോതിമണി 25.01.2019-ന് മരണപ്പെട്ട ഒഴിവിൽ ശ്രീമതി. കൃപയെ 28.01.2019 മുതൽ നിയമിക്കുകയും നിയമന പ്രൊപ്പോസൽ സമന്വയയിൽ സമർപ്പിക്കുകയും ചെയ്തു. താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിരസിച്ച് നൽകി.

1) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പരിശുദ്ധി പത്രം സമർപ്പിച്ചിട്ടില്ല.

2) കെ-ടെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

3) ശ്രീമതി.കൃപ.എ.യുടെ നിയമനം മുൻപ് നിരസിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല.

4) മരണമടഞ്ഞ അധ്യാപികയുടെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5) മരണമടഞ്ഞ ജ്യോതിമണി ടീച്ചറുടെ 51 ബി അവകാശം തീർപ്പാക്കിയതായി കാണുന്നില്ല.

**f) ശ്രീമതി. പി.എ. അഞ്ജിത, എൽ.പി.എസ്.ടി**

മാനേജർ ശ്രീമതി. അഞ്ജിത പി.എ.യെ എൽ.പി.എസ്.ടി. ആയി 01.06.2018 മുതൽ 2018-19 അധ്യയന വർഷത്തെ അധിക തസ്തികയിൽ നിയമിക്കുകയും നിയമന പ്രൊപ്പോസൽ സമന്വയയിൽ സമർപ്പിക്കുകയും ചെയ്തു. താഴെ പറയുന്ന അപകതകൾ ഉള്ളതിനാൽ നിരസിച്ച നൽകി.

1) ജി.ഒ.(പി) നമ്പർ. 19/2021/ജി.ഇ.ഡി.എൻ തീയതി 08.11.2021 പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ച് കാണുന്നില്ല.

2) മുൻ വർഷങ്ങളിൽ നിയമിച്ച യോഗ്യതയുള്ള സീനിയർ അധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാതെ നിൽക്കുന്നു.

3) മുൻ വർഷങ്ങളിൽ അനുവദിച്ച തസ്തികയേക്കാൾ കൂടുതൽ നിയമനാംഗീകാരം ലഭിച്ച യു.പി.എസ്.ടി. അധ്യാപകർ ജോലി നോക്കുന്നു. ഇവരെ മാനേജർ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

പ്രസ്തുത നിയമനം നിരസിച്ച ഉത്തരവിനെതിരെ മാനേജർ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും ഇതേ കാരണത്താൽ അപ്പീൽ നിരസിക്കുകയാണുണ്ടായത്.

**g) ശ്രീമതി. എസ്.നിഷ, യു.പി.എസ്.ടി**

ശ്രീമതി. പി.എൻ. ശാന്തി, യു.പി.എസ്.ടി. 31.03.2019-ന് വിരമിച്ച ഒഴിവിൽ 06.06.2019 മുതൽ ശ്രീമതി. നിഷ.എസ്.നെ മാനേജർ നിയമിക്കുകയും നിയമന പ്രൊപ്പോസൽ സമന്വയ മുഖേന സമർപ്പിക്കുകയും ചെയ്തു. താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിരസിച്ച നൽകി.

1) 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ ആകെ 14 യു.പി.എസ്.ടി. തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. 06.06.2019 തിയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് റോളിൽ 17- ാമത്തെ ആളാണ് ശ്രീമതി.നിഷ.എസ്.

2) 06.06.2019 മുതലുള്ള നിയമനം 08.04.2021 നാണ് സമന്വയയിൽ ചേർത്തിട്ടുള്ളത്. കാലതാമസം മാപ്പാക്കിയ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് സമർപ്പിച്ചിട്ടില്ല.

3) ശ്രീമതി. നിഷ.എസ്. എന്നവരുടെ നിയമനം വ്യവസ്ഥാപിത ഒഴിവിൽ അല്ല.

4) മുൻപ് നിയമനം നിരസിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല.

5) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ genuineness സർട്ടിഫിക്കറ്റ് ആവശ്യമാണ്.

6) ഇതേ സ്കൂളിലെ 25.01.2019-ന് മരണമടഞ്ഞ ജ്യോതിമണി ടീച്ചറുടെ 51 ബി അവകാശം ഇതുവരെയും തീർപ്പാക്കിയതായി കാണുന്നില്ല.

**h) ശ്രീമതി. കെ.വി.രേവതി, യു.പി.എസ്.ടി**

മാനേജർ ശ്രീമതി. രേവതി.കെ.വി. എന്നവരെ യു.പി.എസ്.ടി. ആയി 15.07.2021 മുതൽ 2019-20 വർഷത്തിൽ അനുവദിച്ച ഹെഡ് ടീച്ചർ വേക്കൻസി തസ്തികയിൽ നിയമിച്ചു. താഴെ പറയുന്ന കാരണത്താൽ നിരസിച്ചു നൽകി.

1) ഹെഡ് ടീച്ചർ തസ്തികയിലെ ഒഴിവ് സംരക്ഷിത അധ്യാപക ബാങ്കിൽ നിന്നും നികത്തേണ്ടതാണ്. ആയതിനാൽ മാനേജരുടെ നടപടി നിയമാനുസൃതമല്ല.

**i) ശ്രീ. എം. ശ്രീവിഷ്ണു, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ**

ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ ആയ ശ്രീ. സി. ഹരിദാസ്, 31.03.2021-ന് വിരമിച്ച ഒഴിവിൽ ശ്രീ. ശ്രീവിഷ്ണു എം. എന്നവരെ 15.07.2021 മുതൽ മാനേജർ നിയമിക്കുകയും താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ നിരസിച്ചു നൽകുകയും ചെയ്തു.

1.വിരമിച്ച അധ്യാപകനായ ശ്രീ. ഹരിദാസ്.സി. ജോലി ചെയ്തിരുന്ന തസ്തിക സൂപ്പർ ന്യൂമററി ആയിരുന്നു. ടിയാളുടെ വിരമിക്കലിനെ തുടർന്ന് തസ്തിക ഇല്ലാതാകുന്നതാണ്.

2. വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാൽ നിയമനം സാധ്യമല്ല.

3. ഡിഗ്രി സർട്ടിഫിക്കറ്റിന്റെ genuineness സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. നിയമന രേഖകൾ പൂർണ്ണരൂപത്തിൽ സമർപ്പിച്ചിട്ടില്ല.

വല്ലങ്ങി വി.ആർ.സി.എം. യു.പി.എസിലെ 2010-11 മുതലുള്ള തസ്തിക നിർണ്ണയം, നിയമനാംഗീകാരം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചുകൊള്ളുന്നു.

1) 2010-11 വർഷം എൽ.പി.എസ്.ടി. 11 തസ്തികകളും യു.പി.എസ്.ടി. 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 9 എൽ.പി.എസ്.ടി. മാരും 16 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

2) 2015-16 വർഷം എൽ.പി.എസ്.ടി. 22 തസ്തികകളും യു.പി.എസ്.ടി. 11 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 12 എൽ.പി.എസ്.ടി.മാരും 17 യു.പി.എസ്.ടി.മാരും ജോലി ചെയ്തിട്ടുണ്ട്.

3) 2016-17 വർഷം എൽ.പി.എസ്.ടി. 15 തസ്തികകളും യു.പി.എസ്.ടി. 15 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 13 എൽ.പി.എസ്.ടി.മാരും 17 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

4) 2017-18 വർഷം എൽ.പി.എസ്.ടി. 15 തസ്തികകളും യു.പി.എസ്.ടി. 14 തസ്തികകളും

അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 12 എൽ.പി.എസ്.ടി. മാരും 16 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

5) 2018-19 വർഷം എൽ.പി.എസ്.ടി. 16 തസ്തികകളും യു.പി.എസ്.ടി. 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 12 എൽ.പി.എസ്.ടി.മാരും 16 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

6) 2019-20 വർഷം എൽ.പി.എസ്.ടി. 16 തസ്തികകളും യു.പി.എസ്.ടി. 14 ` തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 11 എൽ.പി.എസ്.ടി.മാരും 15 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

7) 2020-21 വർഷം എൽ.പി.എസ്.ടി. 16 തസ്തികകളും യു.പി.എസ്.ടി. 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 10 എൽ.പി.എസ്.ടി.മാരും 15 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്.

8) 2021-22 വർഷം എൽ.പി.എസ്.ടി. 16 തസ്തികകളും യുപി.എസ്.ടി. 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തോടെ 10 എൽ.പി.എസ്.ടി.മാരും 15 യു.പി.എസ്.ടി. മാരും ജോലി ചെയ്തിട്ടുണ്ട്

**2010-11 വർഷം മുതൽ 2021-22 വർഷം വരെ അനുവദിച്ച തസ്തികകളും അധ്യാപകരുടെ വിവരങ്ങളും അടങ്ങിയ സ്റ്റേറ്റ്മെന്റ്**

| വർഷം | അനുവദിച്ച തസ്തികകൾ | | നിയമനാംഗീകാരമുള്ള അധ്യാപകർ | | അധികമായി വരുന്ന അധ്യാപകർ | | ഒഴിവുകളുടെ വിവരം | |
|---|---|---|---|---|---|---|---|---|
| | എൽ.പി. | യു,പി. | എൽ.പി. | യു,പി. | എൽ.പി. | യു,പി. | എൽ.പി. | യു,പി. |
| 2010-11 | 11 | 14 | 9 | 16 | 0 | 2 | 2 | 0 |
| 2015-16 | 22 | 11 | 12 | 17 | 0 | 6 | 10 | 0 |
| 2016-17 | 15 | 15 | 13 | 17 | 0 | 2 | 2 | 0 |
| 2017-18 | 15 | 14 | 12 | 16 | 0 | 2 | 3 | 0 |
| 2018-19 | 16 | 14 | 12 | 16 | 0 | 2 | 4 | 0 |
| 2019-20 | 16 | 14 | 11 | 15 | 0 | 1 | 5 | 0 |
| 2020-21 | 16 | 14 | 10 | 15 | 0 | 1 | 6 | 0 |
| 2021-22 | 16 | 14 | 10 | 15 | 0 | 1 | 6 | 0 |

2016-17 വർഷത്തിൽ യു.പി.എസ്.ടി. തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്നപ്പോൾ 08.06.2016 മുതൽ ശ്രീമതി എം. മിനിജയെ മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം അംഗീകരിച്ച് നൽകിയിരുന്നു. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് പരിശോധനയിൽ നിയമനാംഗീകാരം തെറ്റാണെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളവും മറ്റു അലവൻസുകളും കൈപ്പറ്റിയത് തിരിച്ചടക്കുന്നതിന് പ്രഥമാധ്യാപികയ്ക്ക് കത്ത് നൽകുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി. മിനിജ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെ.യ്യുകയും, ടി അദ്ധ്യാപികയുടെ ശമ്പളം വിതരണം ചെയ്യാൻ ഉത്തരവാകുകയും ചെയ്തു. അപ്രകാരം ശമ്പളം മുടക്കമില്ലാതെ നൽകി വന്നിരുന്നു. അതോടൊപ്പം ഈ നിയമനം റദ്ദാക്കുന്നതിനു വേണ്ടി

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷയും സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.05.2022-ലെ ജി1-9901/2021/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത നിയമനം റദ്ദ് ചെയ്തു. ശ്രീമതി മിനിജയ്ക്ക് തെറ്റായി നിയമനം നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജീവനക്കാർ, മാനേജർ എന്നിവരിൽ നിന്നും 08.06.2016 മുതൽ 03.04.2022 വരെ നൽകിയ ശമ്പളാനുകൂല്യങ്ങളും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാനും നിർദ്ദേശിച്ചു. ആയതിന്റെ തുടർ നടപടി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചു വരുന്നു. എന്നാൽ ഈ റദ്ദാക്കൽ ഉത്തരവിനെതിരെ ശ്രീമതി. മിനിജ സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2018-19 വർഷം എൽ.പി.എസ്.ടി. ഒരു അധിക ഡിവിഷൻ തസ്തിക അനുവദിച്ചു. പ്രസ്തുത തസ്തികയിൽ നിയമിച്ച ശ്രീമതി. പി.എ. അഞ്ജിതയ്ക്ക് നിയമനം അംഗീകരിക്കുന്നതിന് വേണ്ടി മാനേജർ സ.ഉ. നമ്പർ. 4/2021/പൊ.വി.വ. തീയതി 06.02.2021 പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ചിരുന്നു. എന്നാൽ ടി അധ്യാപികയെക്കാൾ മുൻപിൽ നിയമിച്ച യോഗ്യതയുള്ള സീനിയർ അധ്യാപകർക്ക് നിയമനാംഗീകാരം നൽകാത്തതിനാലാണ് നിരസിച്ചു നൽകിയത്.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വല്ലങ്ങി വി ആർ സി എം യു പി സ്കൂളിൽ 2010-11 വർഷം മുതൽ 2021-22 വർഷം വരെ അനുവദിച്ച തസ്തികകളും അധ്യാപകരുടെ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും എല്ലാ വർഷങ്ങളിലും ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും എന്നാൽ അനുവദിച്ച തസ്തികകളേക്കാൾ കൂടുതൽ പേർ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായി ജോലി ചെയ്തുവരുന്നതായും കാണുന്നു. ഇവർക്ക് നിയമനാംഗീകാരമുള്ളതായാണ് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ

i) പാലക്കാട്, കൊല്ലങ്കോട്, വല്ലങ്ങി, വി ആർ സി എം യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെയും, അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെയും നിയമനങ്ങൾ ക്രമപ്പെടുത്തി ലിസ്റ്റ് തുത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുവാൻ ടി സ്കൂൾ മാനേജർക്കും, ലിസ്റ്റ് സമർപ്പിക്കുന്ന മുറയ്ക്ക്, തസ്തികകൾ ലഭ്യമെങ്കിലും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിലും, വല്ലങ്ങി വി ആർ സി എം യു പി സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി.ബി. ഇന്ദുപ്രിയ(ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി. റുബീന എൻ.പി.(ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി. എൻ.മായാദേവി(ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി.വി. ഷോജ(അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി. പി.എ. അഞ്ജിത(ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി. എസ്.നിഷ(അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക), ശ്രീമതി.കെ.വി.രേവതി(അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക) എന്നീ അധ്യാപകരുടെ നിയമനങ്ങൾ, നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായും, 18/11/2018-നു ശേഷമുള്ള നിയമനങ്ങൾ ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെയും കോടതിവിധിയുടെയും അടിസ്ഥാനത്തിൽ, മാനേജർ ആയതു പാലിച്ച് നിയമനം നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രം അംഗീകരിച്ചു നല്കുവാനും,

ii) ശ്രീമതി. കൃപ എ.(തമിഴ് ഭാഷാ അദ്ധ്യാപിക) ക്ക് വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതിനാൽ, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് മേൽ സൂചിപ്പിച്ച വിധം പരിശോധിച്ച് നിയമനാംഗീകാരം നൽകാനും,

iii) ശ്രീ. എം. ശ്രീവിഷ്ണുവിന്റെ കായിക അദ്ധ്യാപകനായുള്ള നിയമനം, 2021-22 വർഷം പ്രസ്തുത തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികൾ സ്കൂളിൽ ഉണ്ടായിരുന്നുവെങ്കിൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകാനും കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് കൊല്ലങ്കോട് വല്ലങ്ങി വി ആർ സി എം യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി. ഇന്ദുപ്രിയയും മറ്റുള്ളവരും ചേർന്ന് സർക്കാരിൽ ഫയൽ ചെയ്ത പരാമർശം (1) പുന:പരിശോധനാ ഹർജി (Ext. P37) തീർപ്പാക്കി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (2) കോടതി വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
മാനേജർ, വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി,
കൊല്ലങ്കോട്, പാലക്കാട് ജില്ല.
പ്രഥമാദ്ധ്യാപകൻ, വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി,
കൊല്ലങ്കോട്, പാലക്കാട് ജില്ല.
ശ്രീമതി. ബി. ഇന്ദുപ്രിയ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. റൂബീന. എം. പി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. എൻ. മായാദേവി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. വി. ഷോജ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. കൃപ.എ, തമിഴ് ഭാഷാ അദ്ധ്യാപിക(പാർട്ട് ടൈം),
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. പി എ. അഞ്ജിത, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.
ശ്രീമതി. എസ്സ്. നിഷ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,

വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.

ശ്രീമതി. കെ. വി. രേവതി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.

ശ്രീ. എം. ശ്രീവിഷ്ണു, കായികാദ്ധ്യാപകൻ,
വി ആർ സി എം യു പി സ്കൂൾ, വല്ലങ്ങി, കൊല്ലങ്കോട്,
പാലക്കാട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 14-10-2022 11:14:18**
സെക്ഷൻ ഓഫീസർ